# നിളയെ വീണ്ടെടുക്കാൻ കുറ്റിപ്പുറം കൺവെൻഷൻ

**സ്വന്തം ലേഖകൻ**

കുറ്റിപ്പുറം: ഭാരതപ്പുഴയെ വീണ്ടെടുക്കുന്നതിനുള്ള വൈകിയ ശ്രമങ്ങളുമായി സെപ്റ്റംബർ 22ന് പരിസ്ഥിതി പ്രവർത്തകരും ജനപ്രതിനിധികളും നാട്ടുകാരും സന്നദ്ധ സംഘടനാ പ്രതിനിധികളും കുറ്റിപ്പുറം ഗവ. ഹൈസ്കൂളിൽ ഒത്തുകൂടി. പുഴ സംരക്ഷണ യത്നങ്ങൾക്കായി പത്തോളം പേരടങ്ങുന്ന പ്രവർത്തക സമിതി രൂപീകരിച്ചു.

നിളാ നദീതടത്തിലെ ഇരുനൂറോളം തദ്ദേശ-ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ അടിസ്ഥാനതലത്തിൽ ജനകീയ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക, പുഴ സംരക്ഷണം മുഖ്യ അജണ്ടയാക്കി പ്രത്യേക ഗ്രാമസഭകൾ വിളിച്ചുചേർക്കുക. തുടങ്ങി ശ്രദ്ധേയമായ നിർദ്ദേശങ്ങൾ കൺവെൻഷനിൽ ഉയർന്നുവന്നു. പുഴ സംരക്ഷണത്തിൽ ജനപ്രതിനിധികൾക്കുള്ള നിസ്സംഗതയ്ക്കെതിരെ വിമർശനമുണ്ടായി. നാടിന്റെ രാഷ്ട്രീയ ഇച്ഛാശക്തിക്ക് ഭ്രാന്തു പിടിച്ചതാണ് പുഴകളുടേയും കാടുകളുടേയും മരണത്തിന് കാരണമെന്ന് പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ. സതീഷ് ചന്ദ്രൻ നായർ അഭിപ്രായപ്പെട്ടു. ശാസ്ത്രീയതയോ സാങ്കേതികത്വമോ കൊണ്ട് പുഴയെ രക്ഷിക്കാനാവില്ല; പുഴയെ പുഴയുടെ വഴിക്കു വിടണം- അദ്ദേഹം പറഞ്ഞു. സ്വന്തം വീട്ടുമുറ്റത്തെ അരുവിയും പുഴയും സംരക്ഷിക്കാൻ കഴിയാത്തവർക്ക് ആഗോളവൽക്കരണത്തെ വിമർശിക്കാൻ അധികാരമില്ലെന്ന് അധ്യക്ഷത വഹിച്ച ഭാരതപ്പുഴ സംരക്ഷണ സമിതി കൺവീനർ ഇന്ത്യന്നൂർ ഗോപി ചൂണ്ടിക്കാട്ടി.

പുഴ സംരക്ഷണ സമിതി പ്രവർത്തനങ്ങൾക്ക് ആശംസകളുമായി താനൂർ എം. എൽ. എ. കുട്ടി അഹമ്മദ് കുട്ടി എത്തിയിരുന്നു. കേവല സാങ്കേതികത്വത്തിൽ നിന്ന് ഉയർന്നു ചിന്തിക്കുന്ന ആരേയും നമ്മുടെ നാട്ടിലെ എഞ്ചിനീയറിംഗ് ലോബി അംഗീകരിക്കില്ലെന്നതാണ് അനുഭവമെന്നും ഇത് വികസന സംബന്ധിയായ പ്രശ്നങ്ങളുടെ പ്രധാന കാരണമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അഡ്വ. പി. എ. പൗരൻ, ടി. എൻ. എൻ. ഭട്ടതിരിപ്പാട്, ഡോ. ബിജുകുമാർ, സി. എ. റോബിൻ, ഡോ. പി. എസ്. പണിക്കർ, എം. പി. എ. ലത്തീഫ്, സുന്ദരരാജൻ തുടങ്ങി നൂറിലധികം പേർ ചർച്ച സജീവമാക്കി. പുഴയെ ഊറ്റുന്ന മാഫിയയെ എങ്ങനെ നേരിടണം, എങ്ങനെ മുന്നോട്ടു പോകണം എന്നീ കാര്യങ്ങളിലെ സന്നിഗ്ധത ചർച്ചയിൽ നിഴലിട്ടു.

ഭാരതപ്പുഴ സംരക്ഷണത്തിനായുള്ള പ്രവർത്തക സമിതിയുടെ പ്രഥമയോഗം ഒക്ടോബർ 6ന് കാലത്ത് 10ന് പട്ടാമ്പി ഗവ. യു. പി. സ്കൂളിൽ ചേരുന്നുണ്ട്.

കേരളീയം, ഭാരതപ്പുഴ സംരക്ഷണ സമിതി, മലപ്പുറം ജില്ലയിലെ നിളാ സംരക്ഷണ പ്രവർത്തകർ എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് കൺവെൻഷൻ നടന്നത്.